**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 896** **31-01-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസി ഊരുകളുടെ പശ്ചാത്തല സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി ഊരുകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസി മേഖലകളിലെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>സംസ്ഥാനത്തെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. സങ്കേതങ്ങൾക്കുള്ളിലെ റോഡ്/ നടപ്പാത നിർമ്മാണം, കുടിവെള്ള വിതരണം, സൗരോർജ്ജ വിളക്കുകൾ/മിനിമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കൽ, ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ, ഖരദ്രവ്യമാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഭവനപുനരുദ്ധാരണം, ടോയ്‌ലറ്റ് നിർമ്മാണം/ ഉപയോഗയോഗ്യമാക്കൽ, സാമൂഹ്യ പഠനമുറികളുടെ നിർമ്മാണം/ മെയിന്റനൻസ്, സെറ്റിൽമെന്റിനുള്ളിലെ പൊതു ആസ്തികളിലെ മെയിന്റനൻസ്, പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (കളിസ്ഥലം, കാവ്, കുളം ഉൾപ്പെടെ), സംരക്ഷണ ഭിത്തി നിർമ്മാണം (മണ്ണിടിച്ചിൽ ഭീഷണിയുള്ള സാഹചര്യത്തിൽ മാത്രം), കിണർ നവീകരണം, സാംസ്കാരിക നിലയം, വായനശാല എന്നിവയുടെ നിർമ്മാണവും സജ്ജീകരണവും തുടങ്ങിയവ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കൂടാതെ, സംസ്ഥാനത്തെ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കോളനികളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യം, വൈദ്യുതീകരണം, റോഡ് നിർമ്മാണം, കമ്മ്യൂണിറ്റിഹാൾ നിർമ്മാണം, ശുദ്ധജലവിതരണ പദ്ധതികൾ തുടങ്ങിയ പ്രവൃത്തികൾ പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കി വരുന്നു.<br><br>ഇടമലക്കുടി പാക്കേജിൽ ഉൾപ്പെടുത്തി റോഡ്, കണക്റ്റിവിറ്റി, ഗോഡൗൺ നിർമ്മാണം ഉൾപ്പടെ കോളനികളുടെ സമഗ്രവികസനം നടപ്പിലാക്കുന്നു.<br><br>ലൈഫ് മിഷൻ മുഖേന അർഹരായ പട്ടികവർഗ്ഗക്കാർക്ക് വീടും, സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളുടെ പുനരുദ്ധാരണത്തിന് ധനസഹായവും അനുവദിച്ചുവരുന്നു.<br><br>പട്ടികവർഗ്ഗമേഖലകളിലെ പുനരധിവാസവും അടിസ്ഥാന സൗകര്യവികസനവും ലക്ഷ്യമിട്ട് ആദിവാസിപുനരധിവാസ മിഷനും പ്രവർത്തിക്കുന്നു.<br><br>പട്ടികവർഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയിൽ റോഡ്, പാലം, ഹോസ്റ്റൽ നിർമ്മാണം തുടങ്ങിയ പ്രവർത്തികളും നടപ്പിലാക്കി വരുന്നു.<br><br>ആറളം പുനരധിവാസമേഖലയിൽ വന്യമൃഗ ശല്യം ശാശ്വതമായി പരിഹരിക്കുന്നതിന് 1.88 കി.മീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിംഗും, 3.2 കി.മീ. ദൂരത്തിൽ എലിഫന്റ് പ്രൂഫ് ട്രഞ്ചും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 10.5 കി.മി. നീളത്തിൽ ആനമതിൽ നിർമ്മാണം നിലവിൽ പുരോഗമിക്കുന്നു |

സെക്ഷൻ ഓഫീസർ